സമഗ്ര ചോദ്യോത്തരങ്ങൾ

**Class Type:**

SSE

**Class:**

X

**Subject:**

Malayalam-BT

**Chapter:**

വാക്കുകൾ വിടരുന്ന പൂലരികൾ - പണയം

**Subtitle:**

Select

**Chapter Name:**വാക്കുകൾ വിടരുന്ന പൂലരികൾ - പണയം *Marks :(2)*

### Quest:

പദ , വാക്യതലങ്ങളിലുള്ള അഭംഗി കണ്ടെത്തി വാക്യം മെച്ചപ്പെടുത്തിയെഴുതുക.

പഠനം മാതൃഭാഷയിലാകുമ്പോഴാണ് പഠനം എളുപ്പവും രസകരവുമായി അനുഭവപ്പെടുകയെന്നത് ഏതൊരു വിദ്യാർഥികൾക്കും തിരിയുന്ന കാര്യമാണ്. എന്നാൽ ഇംഗ്ലീഷ് ഭ്രമം മൂത്ത രക്ഷിതാക്കൾ ഇതിനെപ്പറ്റി ബോധവതികളല്ല.

### Hint:

അഭംഗി കണ്ടെത്തി വാക്യം മെച്ചപ്പെടുത്തിയെഴുതിയിട്ടുണ്ട്. 2

**Chapter Name:**വാക്കുകൾ വിടരുന്ന പൂലരികൾ - പണയം *Marks :(4)*

### Quest:

"തുണികളിലൂടെ കത്രിക തെറ്റി സഞ്ചരിച്ചു. ചക്രം ചവിട്ടുമ്പോഴും സൂചി ഉയർന്നു താഴുമ്പോഴും അയാൾ അജ്ഞാതമായൊരു പാട്ടിനു വേണ്ടി കാതോർത്തു. മനസ്സിലെ നാടകത്തിൽ നിന്ന് ഏതെല്ലാമോ കഥാപാത്രങ്ങൾ ഒച്ചയെടുത്തു സംസാരിച്ചു."

- റേഡിയോ പണയം വച്ചതിനുശേഷമുള്ള ചാക്കുണ്ണിയുടെ അവസ്ഥയാണിത്. ചാക്കുണ്ണി പണയം വച്ചത് റേഡിയോ മാത്രമാണോ? പണയം എന്ന ശീർഷകത്തിന്റെ ഔചിത്യം വ്യക്തമാക്കുക.

### Hint:

കഥാസന്ദർഭത്തിന്റെ ആശയം ഉൾക്കൊണ്ടിട്ടുണ്ട്. (1)

- കഥാപാത്രത്തിന്റെ മനസ്സികാവസ്ഥ കണ്ടെത്തിയിട്ടുണ്ട്. (1)
- ശീർഷകം വിശകലനം ചെയ്ത് ഔചിത്യം വ്യക്തമാക്കിയിട്ടുണ്ട്. (2)

**Chapter Name:**വാക്കുകൾ വിടരുന്ന പൂലരികൾ - പണയം *Marks :(4)*

### Quest:

റേഡിയോ എന്ന മാധ്യമത്തിന്റെ സാന്നിധ്യം ഗ്രാമീണജീവിതത്തിലുണ്ടാക്കിയ സ്വാധീനം 'പണയം' എന്ന കഥയിൽ അവതരിപ്പിക്കുന്നുണ്ടല്ലോ.

- ടെലിവിഷനും നവമാധ്യമങ്ങളും (വാട്സ്ആപ്പ്, ഫേസ്ബുക്ക്, ട്വിറ്റർ തുടങ്ങിയവ) ഇന്ന് സമൂഹത്തിൽ ഏതുതരത്തിലുള്ള

സ്വാധീനമാണ് ചെലുത്തിക്കൊണ്ടിരിക്കുന്നത്? സ്വാനുഭവത്തിന്റെ കൂടി വെളിച്ചത്തിൽ വിലയിരുത്തി കുറിപ്പ് തയാറാക്കുക.

**Hint:**

മൂല്യനിർണയ സൂചകങ്ങൾ

- കഥയിൽനിന്ന്റേഡിയോ എന്ന മാധ്യമസ്വാധീനത്തിന്റെ തെളിവുകൾ കണ്ടെത്തിയിട്ടുണ്ട്. (1)
- ടെലിവിഷനും നവമാധ്യമങ്ങളും ചെലുത്തുന്ന സ്വാധീനം തിരിച്ചറിഞ്ഞിട്ടുണ്ട്. (2)
- സ്വാനുഭവങ്ങളുടെ വെളിച്ചത്തിൽ ഗുണദോഷങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്. (1)

**Chapter Name:**വാക്കുകൾ വിടരുന്ന പുലരികൾ - പണയം *Marks :(4)*

**Quest:**

"അല്ലാ, നീയ് പലിശേം അടച്ചിട്ടില്ല്യല്ലോടാ. ഇദെന്താ കഥ? ഞാൻ കൊറച്ചു കൂടി കാക്കും. പിന്നെ റേഡിയോയാണോ സിനിമ്യാണോന്നൊന്നും നോക്കില്ല്യ. അങ്ങട് കിട്ട്യ കാശിന് വിൽക്കും. അതാ ഇബടത്തെ ഒരു രീതി".

(ചെമ്പുമത്തായി- പണയം)

'അറ്റ കൈക്ക് ഉപ്പു തേക്കാത്തവൻ' എന്ന പഴഞ്ചൊല്ലിന്റെ ആശയവുമായി ബന്ധിപ്പിച്ച് ചെമ്പുമത്തായിയുടെ സ്വഭാവനിരൂപണം തയാറാക്കുക. (അരപ്പുറം)

**Hint:**

മൂല്യനിർണയ സൂചകങ്ങൾ

- പഴഞ്ചൊല്ലിന്റെ ആശയം കണ്ടെത്തിയിട്ടുണ്ട്. (1)
- കഥാപാത്രസ്വഭാവവുമായി ബന്ധിപ്പിച്ചിട്ടുണ്ട്. (2)
- സ്വന്തം നിഗമനം സമർഥിച്ചിട്ടുണ്ട്. (1)

**സമഗ്ര ചോദ്യോത്തരങ്ങൾ**

**Class Type:**

SSE

**Class:**

X

**Subject:**

Malayalam-BT

**Chapter:**

നിലാവു പെയ്യുന്ന നാട്ടുവഴികൾ - ഓണമുററത്ത്

**Subtitle:**

Select

**Chapter Name:** നിലാവു പെയ്യുന്ന നാട്ടുവഴികൾ - ഓണമുററത്ത് *Marks :(6)*

### Quest:

"കേരളത്തിന്റെ പ്രകൃതിയേക്കാൾ കേരളത്തിന്റെ സംസ്കാരം വൈലോപ്പിള്ളിയിൽ സ്വാധീനത ചെലുത്തി. കേരളീയസംസ്കാരത്തോട്, കരുതിക്കൂട്ടിയല്ലാതെ തന്നെ, ഇത്രയും കൂറു ഞാൻ മറ്റൊരു മലയാളകവിയിലും കണ്ടിട്ടില്ല."

(എം.എൻ. വിജയൻ)

ഈ നിരീക്ഷണത്തിന്റെ വെളിച്ചത്തിൽ, ഓണമുറ്റത്ത് എന്ന കവിത വിശകലനം ചെയ്ത് 'വൈലോപ്പിള്ളിക്കവിതയിലെ കേരളീയത'യെ കുറിച്ച് ലഘുനിരൂപണം തയാറാക്കുക.

### Hint:

"കേരളത്തിന്റെ പ്രകൃതിയേക്കാൾ കേരളത്തിന്റെ സംസ്കാരം വൈലോപ്പിള്ളിയിൽ സ്വാധീനത ചെലുത്തി. കേരളീയസംസ്കാരത്തോട്, കരുതിക്കൂട്ടിയല്ലാതെ തന്നെ, ഇത്രയും കൂറു ഞാൻ മറ്റൊരു മലയാളകവിയിലും കണ്ടിട്ടില്ല."

(എം.എൻ. വിജയൻ)

ഈ നിരീക്ഷണത്തിന്റെ വെളിച്ചത്തിൽ, ഓണമുറ്റത്ത് എന്ന കവിത വിശകലനം ചെയ്ത് 'വൈലോപ്പിള്ളിക്കവിതയിലെ കേരളീയത'യെ കുറിച്ച് ലഘുനിരൂപണം തയാറാക്കുക.

**Chapter Name:** നിലാവു പെയ്യുന്ന നാട്ടുവഴികൾ - ഓണമുററത്ത് *Marks :(1)*

### Quest:

മഞ്ഞാലീറനടുത്തൊരു <u>പാവനഭാവം</u>

അടിവരയിട്ട പദം വിഗ്രഹിച്ചാൽ

### Hint:

- പാവനവും ഭാവവും

പാവനം കൊണ്ടുള്ള ഭാവം

പാവനമായ ഭാവം

പാവനത്തിന്റെ ഭാവം

**Chapter Name:**നിലാവു പെയ്യുന്ന നാട്ടുവഴികൾ - ഓണമുററത്ത് *Marks :(4)*

**Quest:**

"ഏതുമുറങ്ങാതെമ്പാടും വയ-

ലേലകൾ തോറും നടുവിൽ പൊൽക്കിഴി-

യെരിയും വെള്ളിത്താലമെടുത്തു നി-

രന്നു ലസിപ്പൂ നെയ്യാമ്പലുകൾ"

(ഓണമുറ്റത്ത്)

വരികളിൽ തെളിയുന്ന കാവ്യപരമായ സവിശേഷതകൾ വിശകലനം ചെയ്ത് കുറിപ്പ് തയാറാക്കുക.

**Hint:**

കവിതാഭാഗത്തിന്റെ ആശയം കണ്ടെത്തിയിട്ടുണ്ട്. (1)

കാവ്യപരമായ സവിശേഷതകൾ കണ്ടെത്തിയിട്ടുണ്ട്. (2)

ഉചിതമായ ഭാഷയിൽ അവതരിപ്പിച്ചിട്ടുണ്ട്. (1)

**Chapter Name:**നിലാവു പെയ്യുന്ന നാട്ടുവഴികൾ - ഓണമുററത്ത് *Marks :(4)*

**Quest:**

പഴയൊരു പുള്ളുവനാണല്ലോ ഞാൻ.

ഓണക്കാലത്തുണരും ഞാൻ,തിരു-

വോണപ്പാട്ടുകളാണെൻ പാട്ടുകൾ

ഇവരറിയുന്നീലെന്നഭിമാനം!

മഹത്തായ ഒരു കാവ്യപാരമ്പര്യത്തിലെ കണ്ണിയാണ് താനെന്ന് അഭിമാനിക്കുന്ന കവിയെ 'ഓണമുറ്റത്ത്' എന്ന കവിതയിൽ കാണാം. ഈ നിരീക്ഷണത്തോട് നിങ്ങൾ യോജിക്കുന്നുണ്ടോ?

മുകളിൽ തന്നിരിക്കുന്ന കാവ്യസന്ദർഭങ്ങൾ വിശകലനം ചെയ്ത് സ്വാഭിപ്രായം സമർഥി

ക്കുക.

**Hint:**

പ്രസ്താവന ഉൾക്കൊണ്ടിട്ടുണ്ട്. (1)

കാവ്യസന്ദർഭങ്ങൾ വിശകലനം ചെയ്തിട്ടുണ്ട്. (2)

സ്വാഭിപ്രായം സമർഥിച്ചിട്ടുണ്ട്. (1)

**Chapter Name:**നിലാവു പെയ്യുന്ന നാട്ടുവഴികൾ - ഓണമുററത്ത് *Marks :(4)*

**Quest:**

" നീളും മലയുടെ ചങ്ങലവട്ടയിൽ

നാളം പാടലവിരലാൽ നീട്ടിയു-

മോമൽക്കവിളു തുടുത്തും തെല്ലൊരു

നാണത്തോടു പരുങ്ങിയൊരുങ്ങിട്ടു-

മോണക്കോടിയുടുത്തൊരുഷസ്സേ....."

(ഓണമുറ്റത്ത്)

പ്രഭാതത്തെ മനുഷ്യഭാവത്തിലവതരിപ്പിച്ചതിന്റെ സൗന്ദര്യം വിശകലനം ചെയ്യുക.

**Hint:**

പ്രഭാതത്തെ വർണിച്ചിരിക്കുന്നത് വിശകലനം ചെയ്തിട്ടുണ്ട്. (1)

മനുഷ്യഭാവം തിരിച്ചറിഞ്ഞിട്ടുണ്ട്. (2)

സൗന്ദര്യം വിശകലനം ചെയ്തിട്ടുണ്ട്. (1)

**Chapter Name:**നിലാവു പെയ്യുന്ന നാട്ടുവഴികൾ - ഓണമുററത്ത് *Marks :(4)*

**Quest:**

'ആർപ്പുവിളിക്കുവിനണ്ണികളേ,യല-

കടലേ,മേന്മേൽ കുരവയിട്ടു കൊ-

ച്ചരുവികളേ, ചെറുകന്യകളേ,ന-

ല്ലതിഥി നമുക്കിനിയാരിതുപോലെ?"

(ഓണമുറ്റത്ത്)

ഓണത്തെ വരവേൽക്കുന്ന മലയാളനാടിന്റെ ആഹ്ലാദത്തിമർപ്പ് കവി ആവിഷ്കരിക്കുന്നതെങ്ങനെ? ഉചിതമായ മറ്റു സന്ദർഭങ്ങൾ കൂടി വിശകലനം ചെയ്ത് കുറിപ്പ് തയാറാക്കുക.

**Hint:**

കാവ്യഭാഗത്തിന്റെ ആശയം കണ്ടെത്തിയിട്ടുണ്ട്. (1)

ഉചിതമായ മറ്റു സന്ദർഭങ്ങൾ കണ്ടെത്തിയിട്ടുണ്ട്. (1)

ആവിഷ്കാരരീതിയുടെ സവിശേഷതകൾ തിരിച്ചറിഞ്ഞിട്ടുണ്ട്. (2)

സമഗ്ര ചോദ്യോത്തരങ്ങൾ

**Class Type:**

SSE

**Class:**

X

**Subject:**

Malayalam-BT

**Chapter:**

നിലാവു പെയ്യുന്ന നാട്ടിടവഴികൾ - കോഴിയും കിഴവിയും

**Subtitle:**

Select

**Chapter Name:** നിലാവു പെയ്യുന്ന നാട്ടിടവഴികൾ - കോഴിയും കിഴവിയും *Marks :(4)*

### Quest:

ജീവിതഗന്ധിയായ കഥകളുടെ എഴുത്തുകാരനാണ് കാരൂർ. സാധാരണമനുഷ്യരുടെ നിസ്സഹായതയും വേദനയും അദ്ദേഹം ജീവനുള്ള കഥകളാക്കി.

കാരൂർക്കഥകളെക്കുറിച്ചുള്ള ഈ നിരീക്ഷണത്തിന്റെ സാധുത കോഴിയും കിഴവിയും എന്ന കഥ ആസ്പദമാക്കി വിലയിരുത്തുക

### Hint:

നിരീക്ഷണത്തിന്റെ ആശയം ഉൾക്കൊണ്ടിട്ടുണ്ട് 1

കഥയിൽനിന്നും തെളിവുകൾ കണ്ടെത്തിയിട്ടുണ്ട് 2

യുക്തിപൂർവം വിലയിരുത്തിയിട്ടുണ്ട് 1

**Chapter Name:** നിലാവു പെയ്യുന്ന നാട്ടിടവഴികൾ - കോഴിയും കിഴവിയും *Marks :(4)*

### Quest:

'ഉണ്ട ചോറു മറക്കരുത്' - പഴഞ്ചൊല്ലിന്റെ ആശയവുമായി ബന്ധിപ്പിച്ച് കോഴിയും കിഴവിയും എന്ന കഥയിലെ മത്തായി എന്ന കഥാപാത്രത്തിന്റെ മനോഭാവം വിലയിരുത്തുക.

### Hint:

പഴഞ്ചൊല്ലിന്റെ ആശയം ഉൾക്കൊണ്ടിട്ടുണ്ട് (1)

'മത്തായി'യുടെ മനോഭാവവുമായി ബന്ധിപ്പിച്ചിട്ടുണ്ട്. (2)

യുക്തിപൂർവം വിലയിരുത്തിയിട്ടുണ്ട്. (1)

**Chapter Name:** നിലാവു പെയ്യുന്ന നാട്ടിടവഴികൾ - കോഴിയും കിഴവിയും *Marks :(2)*

### Quest:

'മത്തായിയുടെ' വീട്ടിൽ സകലവായും അടച്ചുപൂട്ടി മുദ്രവച്ചിരിക്കുകയാണ്.'

അടിവരയിട്ട പ്രയോഗം നൽകുന്ന രണ്ടു സൂചനകൾ കണ്ടെത്തി എഴുതുക.

**Hint:**

സൂചനകൾ കണ്ടെത്തിയെഴുതിയിട്ടുണ്ട് (രണ്ടെണ്ണം).

**Chapter Name:**നിലാവു പെയ്യുന്ന നാട്ടിടവഴികൾ - കോഴിയും കിഴവിയും *Marks :(4)*

**Quest:**

"രണ്ടയൽപക്ക കുടുംബങ്ങൾ തമ്മിലുള്ള കലഹങ്ങൾക്കുമപ്പുറം സമ്പത്തിന്റെയും മൂല്യങ്ങളുടെയും സംഘർഷമാണ് 'കോഴിയും കിഴവിയും' എന്ന കഥ " ഈ പ്രസ്താവനയുടെ വെളിച്ചത്തിൽ കഥയുടെ പ്രമേയം വിലയിരുത്തി കുറിപ്പ് തയാറാക്കുക.

**Hint:**

പ്രസ്താവനയുടെ ആശയം ഉൾക്കൊണ്ടിട്ടുണ്ട്. (1)

കഥയിൽനിന്ന് തെളിവുകൾ കണ്ടെത്തിയിട്ടുണ്ട്. (2)

യുക്തിപൂർവം സമർഥിച്ചിട്ടുണ്ട്. (1)

**Chapter Name:**നിലാവു പെയ്യുന്ന നാട്ടിടവഴികൾ - കോഴിയും കിഴവിയും *Marks :(2)*

**Quest:**

അടുത്ത പ്രഭാതത്തിൽ അയൽവീടുകളിൽ കോഴി കൂകിയപ്പോൾ ചത്തകോഴി, ദഹിച്ച പക്വാശയത്തിലെത്തിയ കോഴി മത്തായിമാർഗേണ കൂകി: "നോക്കീക്കോ."

അടിവരയിട്ട പദത്തിന്റെ കഥാസന്ദർഭത്തിലെ അർഥസാധ്യതകൾ എന്തെല്ലാം? കണ്ടെത്തിയെഴുതുക.

**Hint:**

പദത്തിന്റെ അർഥസാധ്യതകൾ കണ്ടെത്തിയിട്ടുണ്ട്. (2

**Chapter Name:**നിലാവു പെയ്യുന്ന നാട്ടിടവഴികൾ - കോഴിയും കിഴവിയും *Marks :(4)*

**Quest:**

1. "ആ പൂവൻകോഴി ഒരു വിപ്ലവം അഴിച്ചുവിട്ടു. ആ രാത്രി അത് മത്തായിയുടെ തലച്ചോറിനകത്ത് ചിക്കുകയും മാന്തുകയും കൊത്തിപ്പെറുക്കുകയും ചെയ്തു. അടുത്ത പ്രഭാതത്തിൽ അയൽവീടുകളിൽ കോഴി കൂകിയപ്പോൾ ചത്തകോഴി, ദഹിച്ച പക്വാശയത്തിലെത്തിയ കോഴി, മത്തായി മാർഗേണ കൂകി: "നോക്കീക്കോ"

2. മർക്കോസ് ക്ഷീണിച്ചപ്പോൾ മത്തായി സഹായിച്ചുതുടങ്ങി.

തന്നിരിക്കുന്ന ഭാഗങ്ങൾ വിശകലനം ചെയ്ത് 'കോഴിയും കിഴവിയുമെന്ന കഥയിലെ ആഖ്യാനശൈലിയുടെ സവിശേഷതകളെക്കുറിച്ച് കുറിപ്പ് തയാറാക്കുക.

**Hint:**

നൽകിയ സന്ദർഭത്തിലെ ആശയം ഉൾക്കൊണ്ടിട്ടുണ്ട്. (1)

കഥപറയുന്ന ശൈലിയുടെ സവിശേഷത കണ്ടെത്തിയിട്ടുണ്ട് .(2)

സ്വന്തം നിരീക്ഷണം സമർഥിച്ചിട്ടുണ്ട്. (1)

**Chapter Name:**നിലാവു പെയ്യുന്ന നാട്ടിടവഴികൾ - കോഴിയും കിഴവിയും *Marks :(4)*

**Quest:**

'നീ കരഞ്ഞതുകൊണ്ട് ഞാൻ തിന്നാതെ വച്ചിരുന്നതാ ഇത്. നീ തിന്നാലേ ഞാനും തിന്നുകൊള്ളൂ.'

അവളുടെ മുഖം തെളിഞ്ഞു. (കോഴിയും കിഴവിയും)

ഈ കഥയിലെ കുട്ടികൾ മുതിർന്നവർക്കു നൽകുന്ന ജീവിതസന്ദേശമെന്ത്? കണ്ടെത്തി കുറിപ്പു തയാറാക്കുക.

**Hint:**

സന്ദർഭം വിശകലനം ചെയ്തിട്ടുണ്ട്. (1)

ജീവിതസന്ദേശം കണ്ടെത്തിയിട്ടുണ്ട് 1)

നിരീക്ഷണം അവതരിപ്പിച്ചിട്ടുണ്ട് (2)

**Chapter Name:**നിലാവു പെയ്യുന്ന നാട്ടിടവഴികൾ - കോഴിയും കിഴവിയും *Marks :(1)*

**Quest:**

'മർക്കോസ് പിടിക്കുന്ന ഭാഗത്തിന്റെ എതിരുപിടിക്കുക എന്നത് മത്തായിയുടെ വ്രതമായി'

അടിവരയിട്ട പ്രയോഗത്തിന്റെ സന്ദർഭത്തിന് നൽകുന്ന അർഥം ?

- എപ്പോഴും കുറ്റപ്പെടുത്തുക.
- ചിലപ്പോൾ എതിർക്കുക.
- എപ്പോഴും എതിർക്കുക.
- എതിരഭിപ്രായം പറയുക.

**Hint:**

പ്രയോഗത്തിന്റെ സാന്ദർഭികാർഥം കണ്ടെത്തിയിട്ടുണ്ട് (1)

**Chapter Name:**നിലാവു പെയ്യുന്ന നാട്ടിടവഴികൾ - കോഴിയും കിഴവിയും *Marks :(2)*

**Quest:**

ഞാനെന്റെ പാട്ടിനു പോയി.

ഞാൻ പാട്ടിനു താളം പിടിച്ചു.

പാട്ടിന് എന്ന പദം രണ്ടു വാക്യത്തിലും ഒരേ അർഥമാണോ പ്രയോഗിച്ചിരിക്കുന്നത്? വ്യക്തമാക്കുക.

**Hint:**

പ്രയോഗത്തിന്റെ സാന്ദർഭികാർഥം കണ്ടെത്തിയിട്ടുണ്ട് (2